**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

നം.111171/AC A1-3/2021/AC A 1 തീയതി: 01.09.2021

**<u>വിജ്ഞാപനം</u>**

പരാമർശം:1.സർവകലാശാല ഉത്തരവ് നമ്പർ:4284/ACA1/2021/എം.ജി.യൂ. തീയതി:01.09.2021

സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളിൽ നടത്തപ്പെടുന്ന ബി.എഡ് പ്രോഗ്രാമുകളിലെ വിവിധ വിഷയങ്ങളിലേക്കുള്ള സീറ്റുകൾ സർവ്വകലാശാല നിജപ്പെടുത്തി നൽകിയിട്ടുണ്ടെങ്കിലും ഓരോ അക്കാദമിക വർഷവും കോളേജുകൾ വിവിധ വിഷയങ്ങളിലെ സീറ്റുകളിൽ വ്യത്യാസം വരുത്തുന്നതിനുള്ള അപേക്ഷ സമർപ്പിക്കുന്ന സാഹചര്യത്തിൽ താഴെ പറയുന്ന നിർദ്ദേശങ്ങൾ നൽകിക്കൊണ്ട് , പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

1. സർവ്വകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജുകളിലെ ബി.എഡ് പ്രോഗ്രാമുകളിലെ വിവിധ വിഷയങ്ങളിൽ നിലവിൽ അനുവദിച്ച സീറ്റുകളിൽ വ്യതിയാനം വരുത്തുന്നതിന്, മാറ്റം ആവശ്യമായ അക്കാദമിക വർഷത്തിന് തൊട്ടു മുൻപുള്ള അക്കാദമികവർഷം ജനുവരി 1ന് മുൻപായി അപേക്ഷ സമർപ്പിക്കേണ്ടതാണ്. ഇത്തരത്തിൽ സീറ്റുകളിൽ മാറ്റം ആവശ്യമുള്ള ഓരോ വിഷയത്തിനും 1000/- രൂപ എന്ന നിരക്കിൽ ഫീസ് ഒടുക്കേണ്ടതാണ്.
2. ബി.എഡ് പ്രോഗ്രാമുകളിലെ വിവിധ വിഷയങ്ങളിൽ ഇത്തരത്തിൽ സീറ്റ് വ്യതിയാനം വരുത്തുമ്പോൾ ഓരോ വിഷയത്തിനും ബി.എഡ് പ്രോഗ്രാമിനു മൊത്തമായി അനുവദിച്ച സീറ്റിന്റെ 10 % സീറ്റെങ്കിലും കുറഞ്ഞത് ലഭ്യമാവുന്ന തരത്തിൽ മാത്രമേ സീറ്റ് വ്യതിയാനം അനുവദനീയമായിരിക്കുകയുള്ളൂ. ഇതേപോലെ തന്നെ ഓരോ വിഷയത്തിനും ബി.എഡ്. പ്രോഗ്രാമിനു മൊത്തമായി അനുവദിച്ച സീറ്റിന്റെ 25 % സീറ്റ് മാത്രമേ അനുവദനീയമാവുകയുള്ളൂ.
3. 2021-22 അക്കാദമിക വർഷത്തേക്ക് മാത്രമായി ഇത്തരത്തിലുള്ള അപേക്ഷകൾ സെപ്റ്റംബർ 10 വരെ സ്വീകരിക്കുന്നതാണ്.
4. സീറ്റ് വ്യതിയാനത്തിനായി അപേക്ഷകൾ ലഭിക്കുമ്പോൾ സീറ്റ് കുറവ്/വർദ്ധനവ് ആവശ്യപ്പെടുന്ന വിഷയങ്ങളിലെ മുൻ വർഷത്തെ ആവശ്യകത പരിഗണിച്ച് മാത്രമേ അനുമതി നൽകാൻ പാടുള്ളൂ

**ടി ഉത്തരവ് അനുസരിച്ച്, 2021-22 അക്കാദമിക വർഷത്തേക്ക് *സീറ്റ് മാറ്റം ആവശ്യമുള്ള കോളേജുകൾ പ്രോഗ്രാം ഒന്നിന് 1000/- (ആയിരം രൂപ മാത്രം) എന്ന നിരക്കിൽ ഓൺലൈനായി ഫീസടച്ചുകൊണ്ട് അപേക്ഷകൾ registrar@mgu.ac.in എന്ന ഇ-മെയിൽ ഐ ഡിയിലേയ്ക്ക് 10.09.2021 തീയതിക്കകം സമർപ്പിക്കേണ്ടതാണ്.***

സീറ്റ് മാറ്റം ആവശ്യമുള്ള പോഗ്രാമുകൾ, നിലവിൽ അനുവദിച്ചിട്ടുള്ള സീറ്റുകൾ, സീറ്റ് മാറ്റം വഴി ആവശ്യമുള്ള സീറ്റുകൾ എന്നിവ അപേക്ഷയിൽ വ്യക്തമായി കാണിച്ചിരിക്കണം. സീറ്റ് മാറ്റം അനുവദിക്കുമ്പോൾ സർക്കാരിനോ സർവ്വകലാശാലയ്ക്കോ അധിക ബാധ്യത ഉണ്ടാവാൻ പാടില്ല.

**ഡോ.പ്രകാശ് കുമാർ .ബി**
രജിസ്ട്രാർ

പകർപ്പ്:

1.എല്ലാ അഫിലിയേറ്റഡ് ടീച്ചേഴ്സ് ട്രെയിനിംഗ് കോളേജ് പ്രിൻസിപ്പൽമാർ
2.വൈസ് ചാൻസലർ /പ്രൊ-വൈസ് ചാൻസലർ എന്നിവരുടെ പി.എസ്
3.രജിസ്ട്രാർ/ഫിനാൻസ് ഓഫീസർ/ കൺട്രോളർ ഓഫ് എക്സാമിനേഷൻസ് എന്നിവരുടെ പി.എ മാർ
4 .എ.ആർ / ഡി.ആർ / ജെ.ആർ (അക്കാഡമിക്)
5 .എസി .എ 1 /എസി.ബി.6/ അക്കൗണ്ട്സ് 3/5
6 .കണ്ടന്റ് മാനേജ്മെന്റ് സെക്ഷൻ/CITAD
7 . ബന്ധപ്പെട്ട പരീക്ഷ വിഭാഗങ്ങൾ/ യൂണിവേഴ്സിറ്റി വെബ് സൈറ്റ്
8 . പി.ആർ.ഒ/ഐ.ക്യൂ .എ സി
9 .കരുതൽ ഫയൽ /ഫയൽ കോപ്പി /റെക്കോർഡ്സ്

Draft #2 of File 111171/AC A1-3/2021/AC A 1 Approved by Registrar on 01-Sep-2021 08:26 PM - Page 1

Draft #2 of File 111171/AC A1-3/2021/AC A 1 Approved by Registrar on 01-Sep-2021 08:26 PM - Page 2

മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം